**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 54** | **27-01-2026 - ൽ മറുപടിയ്ക്ക്**

**ഇന്ത്യ റിസർവ് ബറ്റാലിയൻ കമാൻഡോ വിംഗ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസ് ഇന്ത്യ റിസർവ് ബറ്റാലിയൻ കമാൻഡോ വിങ്ങിലേക്കുള്ള നിലവിലെ റാങ്ക് ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ട്; നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്തുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ഇന്ത്യ റിസർവ് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ കമാൻഡോ വിഭാഗത്തിലേക്ക് നിലവിലുള്ള പി.എസ്.സി റാങ്ക് പട്ടികയുടെ (കാറ്റഗറി നമ്പർ 136/2022) മെയിൻ ലിസ്റ്റിൽ 735 ഉദ്യോഗാർഥികളെയും ആനുപാതിക മായ എണ്ണം സംവരണ ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തി യിട്ടുണ്ട്.<br><br>നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും കമാൻഡോ വിംഗ് പോലീസ് കോൺസ്റ്റബിളായി 331 പേർക്ക് നിയമന ശിപാർശ നൽകുകയും ടി ഉദ്യോഗാർത്ഥികളിൽ 250 പേർ നിലവിൽ ഇന്ത്യ റിസർവ് ബറ്റാലിയനിൽ പരിശീലനം നടത്തി വരുന്നതുമാണ്. കമാൻഡോ വിംഗ് പരിശീലനം തുടങ്ങുന്നതിന് മുന്നോടിയായി ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ ടെസ്റ്റ്, സൈക്കോളജിക്കൽ ടെസ്റ്റ്, പോലീസ് വെരിഫിക്കേഷൻ എന്നിവ പൂർത്തിയാകുന്ന മുറയ്ക്കാണ് പരിശീലനം ആരംഭിക്കുന്നത്. |
| (ബി) | കൊല്ലം കേന്ദ്രമാക്കി പുതിയ ഇന്ത്യ റിസർവ് ബറ്റാലിയൻ ആരംഭിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ബറ്റാലിയൻ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | കൊല്ലം കേന്ദ്രമാക്കി പുതിയ ഇന്ത്യ റിസർവ് ബറ്റാലിയൻ ആരംഭിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല.<br><br>2026 വരെയുള്ള കാലയളവിൽ 10 വർഷം പൂർത്തിയാകുന്നതും കെ സി പി യിലേക്കുള്ള സ്ഥലം മാറ്റത്തിന് സമ്മതം നൽകിയവരുടെ ഒഴിവുകൾ കൂടി പ്രതീക്ഷിത ഒഴിവുകൾ ആയി കണക്കാക്കിയാണ് താൽക്കാലിക പരിശീലന തസ്തികകൾ അനുവദിച്ചിട്ടുള്ളത്. ഈ ഒഴിവുകൾ പി എസ് സി-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | തൃശ്ശൂരിലെ ഐ.ആർ. ബറ്റാലിയൻ കമാൻഡോ വിങ്ങിൽ നിന്നും 10 വർഷത്തെ സേവനം പൂർത്തിയാക്കി മാതൃയൂണിറ്റിലേക്ക് മടങ്ങാനിരിക്കുന്ന കമാൻഡോകളുടെ എണ്ണം കണക്കാക്കി പ്രതീക്ഷിത | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ഡി) | മേൽപ്പറഞ്ഞ ഒഴിവുകൾ റിപ്പോർട്ട് ചെയ്യും കൊല്ലത്ത് പുതിയ ഇന്ത്യാ റിസർവ് ബറ്റാലിയൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ പരമാവധി നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഉത്തരം (ബി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ